15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4402 10-08-2021 - ൽ മറുപടിയ്ക്ക്

# കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർഷകരെ സഹായിക്കുന്നതിനായി നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ടോ; വായ്പ അനുവദിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിനു 1000 കോടി രൂപയും, കേരള ബാങ്കിനു 1670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട്-2 (SLF-2)ആയി അനുവദിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ / റൂറൽ സഹകരണ ബാങ്കുകൾ എന്നിവ വഴി കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും, കൂടാതെ മൃഗസംരക്ഷണം, ഡയറി, ഫിഷറീസ്, സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായും സ്വർണ്ണ പണയത്തിന്മേലും, വസ്തു ജാമ്യത്തിന്മേലും, പരമാവധി രണ്ട് ലക്ഷം രൂപ വരെ 6.4% പലിശ നിരക്കിൽ ഒരു വർഷകാലാവധിയിൽ കേരള ബാങ്ക് വായ്പ അനുവദിക്കുന്നു. കർഷകർ, കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാട്ട കൃഷി ചെയ്യുന്നവർ, കൂട്ട് കൃഷി സംരംഭകർ, വി.എഫ്.പി.സി.കെ. കർഷകർ എന്നിവർക്ക് കേരള ഗ്രാമീൺ ബാങ്ക് ഈടില്ലാതെ 1.60 ലക്ഷം വരെയും ഈടിന്മേൽ അതിനുമുകളിലും 9% പലിശ നിരക്കിൽ 5 വർഷത്തെ വായ്പാപരിധിയിൽ പ്രസ്തുത വായ്പ അനുവദിച്ചു വരുന്നു. ഓരോ വർഷവും പിൻവലിച്ച തുകയും പലിശയും ഒരു കൊല്ലത്തിനുള്ളിൽ തിരിച്ചടച്ച് വായ്പ പുതുക്കേണ്ടതുണ്ട്. 2% കേന്ദ്രസർക്കാർ പലിശ സബ്സിഡിയും കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശയിളവും കഴിച്ച് 4% നിരക്കിൽ വായ്പ ലഭ്യമാകുന്നു. |

| | | | |
|---|---|---|---|
| (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് പ്രസ്തുത വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കർഷകർക്ക് കേരള ബാങ്ക് മുഖേന 2021-22 കാലയളവിൽ ലഭ്യമാക്കിയ വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു. എടവനക്കാട് SCB Ltd No. 1 - 1 കോടി കഴുപ്പിള്ളി SCB Ltd No.E 138 - 50 ലക്ഷം നായരമ്പലം SCB Ltd No. E.92 - 50 ലക്ഷം ഞാറയ്ക്കൽ SCB Ltd No. E 91 - 1 കോടി പള്ളിപ്പുറം SCB Ltd No. 760 - 2.5കോടി ആകെ 5.5കോടി കേരള ഗ്രാമീൺ ബാങ്കിന്റെ വൈപ്പിൻ നിയോജക മണ്ഡലത്തിലുള്ള ഏക ശാഖയായ മാലിപ്പുറം ശാഖയിൽ നിന്നും പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകളൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ